# Athmaraksha.org

ലേഖനം - സാത്താന്റെ പ്രവർത്തനങ്ങൾ

## അഹങ്കാരമുള്ളവരോട് പിശാചിന് ഇഷ്ടക്കൂടുതൽ



അഹങ്കാരമുള്ളവരോട് പിശാചിന് ഇഷ്ടം കൂടുമെന്ന് സ്പാനിഷ് ഭ്രതോച്ചാടകനായ ഫാ. ജുവാൻ ജോസ് ഗല്ലേഗോ. മാധ്യമപ്രവർത്തകരോട് സംസാരിക്കുന്നതിനിടെയാണ് ഫാ. ജുവാൻ ഇക്കാര്യം പങ്കുവെച്ചത്. സ്പെയിനിലെ ബാർസിലോണ അതിരൂപതയുടെ ഔദ്യോഗിക ഭ്രതോച്ചാടകനായ ഇദ്ദേഹം വർഷങ്ങളായി പിശാചുബാധിതരെ മോചിപ്പിച്ച് ദൈവത്തിലേക്കടുപ്പിക്കുന്നു. ഇതുവരെ ആയിരത്തിൽപ്പരം ഭ്രതോച്ചാടനങ്ങൾക്ക് ജുവാൻ നേതൃത്വം നൽകിയിട്ടുണ്ട്.

അഹങ്കാരമാണ് ഏറ്റവും വലിയ തിന്മ. ജഢികപാപങ്ങളോ കൊലപാതകമോ സാത്താൻ പൂജയോ അഹങ്കാരത്തോളം പിശാച് ഇഷ്ടപ്പെടുന്ന പാപമല്ല. കാരണം മനുഷ്യനെ അത്രയേറെ തകർക്കാൻ പര്യാപ്തമായ പാപമാണ് അഹങ്കാരമെന്ന് പിശാചിന് അറിയാം. അദ്ദേഹം വ്യക്തമാക്കി. എപ്പോഴെങ്കിലും പിശാചിനെ ഭയക്കേണ്ട അവസ്ഥ വന്നിട്ടുണ്ടോ എന്ന ചോദ്യത്തിന്, ചിലപ്പോഴൊക്കെ പിശാചിന്റെ ശക്തിയും സ്വാധീനവും എത്രയധികമാണെന്ന് ആകുലതയോടെ നോക്കിയിട്ടുണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. പിശാച് ആവസിച്ച വ്യക്തി ചിലപ്പോൾ അപരിചിതമായ ഭാഷ സംസാരിക്കും. അമാനുഷിക ശക്തിയും പ്രകടിപ്പിക്കും. തന്റെ അനുഭവങ്ങൾ ഫാ.ജുവാൻ വെളിപ്പെടുത്തി.

ദൈവത്തോട് ചേർന്ന് സഹിക്കുന്ന മനുഷ്യരെ പിശാചിന് ഭയമാണ്. എന്നാൽ അതികഠിനവേദനകളിലൂടെ കടന്നുപോകുമ്പോൾ തങ്ങളുടെ ജീവിതത്തിൽ പിശാച് കടന്നുകൂടിയതാണോ എന്ന ഭയന്ന് ഭ്രതോച്ചാടനത്തിന് വരുന്നവരും ഉണ്ടെന്ന് ഫാ.ജുവാൻ പറയുന്നു. പിശാച് ഉറ്റുനോക്കുന്ന മറ്റൊരു മേഖലയാണ് സഹനങ്ങളിൽ മനുഷ്യർ എങ്ങനെ പ്രതികരിക്കുന്നു എന്നത്. താൽക്കാലിക ആശ്വാസങ്ങൾ നൽകുന്നത് പിശാചാണെങ്കിലും മനുഷ്യർ ചിലപ്പോൾ വേദനയെ ഭയന്ന് അതിനെ സ്വീകരിക്കുന്നു. ഇതുമൂലം വലിയ ബന്ധങ്ങൾക്ക് അടിമകളായി തന്റെ അടുക്കലെത്തിയവരും ഉണ്ട് അനുഭവത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം വ്യക്തമാക്കി.